# അക്വിലോൺ



# Aquilone

# ലിററിൽ കൈററ്സ്




## വിവരവിനിമയ സാങ്കേതിക വിദ്യ കുട്ടികളിൽ

*അക്വിലോൺ*

വളർത്തുന്നതിനായി കേരള സംസ്ഥാന സർക്കാർപൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയ ഹൈടെക് കൂട്ടായ്മയായ ലിററിൽ കൈററ്സിൻെറ ഒരു യൂണിറ്റ് വാളൂർ നായർസമാജംസ്കൂളിൽപ്രവർത്തിക്കുന്ന.കുട്ടികൾ ക്കിടയിൽ കൂടുതൽ സൗഹാർദ്ധവും കൂട്ടായ്മയും വിഞ്ജാനവും വളർത്തുന്നതിന് ഈ പദ്ധതി സഹായകമാണ്.

# പ്രിയ ലിറ്റിൽ കൈറ്റിന് പ്രണാമം



അമ്പിളിയ്ക്കൊത്ത നിൻ മുഖവും
പാൽനിലാവോഴുകും പുഞ്ചിരിയും
ചടുലമായ കർമ്മപദനിസ്വനങ്ങളും
ബാക്കിവച്ച് നീ പോയ് മറഞ്ഞു

അകിലോൺ

# എന്തിന് ?
# ആർക്കുവേണ്ടി ?



എന്നോ,എപ്പോഴോ

ഒരു കുഞ്ഞിക്കൈയ്യാൽ ജനനം.

ആയിരം കൈകളാൽ പാലൂട്ടി,

രക്ഷതീർത്ത്, ബാല്യകൗമാരങ്ങളിലേയ്ക്ക്.....
തന്നില്ലേ, വേനലിൽ തണലും കാറ്റും.
പാഞ്ഞുവന്നൊരു പ്രളയത്തെ മാറോടണക്കി
കാത്തില്ലേ ഭിത്തിയും മുത്തും.
പിന്നെ എന്തിന് ?ആർക്കുവേണ്ടി?

നീർമരുത്
വാളൂർ

# പ്രളയാനന്തര ചിത്രങ്ങൾ





പ്രളയം കൊണ്ടുവന്ന നാശനഷ്ടങ്ങൾക്കിടയിലും അതിജീവനത്തിന്റെ നൂതനപാഠങ്ങൾ തീർത്ത് പ്രളയബാധിതരായ കുട്ടികളെ ചേർത്തുപിടിച്ച് മണ്ണിലും ചെളിയിലും ജീവിതതാളങ്ങൾ കണ്ടെത്തുകയാണ് വാളൂർ നായർ സമാജം സ്കൂളിലെ ഇരുപത്തിയഞ്ചോളം കുട്ടികൾ. ഭൗതികമായ പഠനസാമഗ്രികൾ വേണ്ടുവോളം

ലഭിച്ചുവെങ്കിലും ഇന്നലെവരെ കളിത്തോഴിയായ പുഴ സംഹാരരൂപിണിയായപ്പോൾ പകച്ചുപോയ മനസ്സുകളെ നിറങ്ങളുടെ ലോകത്തേക്ക് കുട്ടികൊണ്ടുവരുവാൻ സ്കൂളിലെ പരിസ്ഥിതിക്ലബ്ബും ചാലക്കുടി പുഴ സംരക്ഷണസമിതിയും കൈകോർത്തു .

ചിത്രകാരൻ ബ്ലേസ്, പുഴ നൽകിയ ചെളിയും മണ്ണും ഉപയോഗിച്ച് ചിത്രമെഴുതാൻ പഠിപ്പിച്ചപ്പോൾ കുട്ടികൾ മറ്റൊരു ലോകത്തിലേയ്ക്കു ഉയർന്നു. 'ഒന്നും നശിക്കാനല്ല ഉയർത്തെഴുന്നേൽക്കാനാണ് ഒരോ പ്രളയവും പഠിപ്പിക്കുന്നത്.പ്രകൃതി കീഴടക്കാനുള്ളതല്ല ഒപ്പം സഞ്ചരിക്കുവാനുള്ളതാണ്.'എന്ന വലിയ പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ട് അവർ പഠനരംഗത്തേയ്ക്കു വീണ്ടും നടന്നുകയറുകയാണ്.

# ഹൃദയാരോഗ്യവും മനുഷ്യനും



എല്ലാ വർഷവും സെപ്റ്റംബർ 29-ാം തിയ്യതി ലോകഹൃദയാരോഗ ദിനമായി ആചരിക്കുന്നു.

My heart,Your heart,Our heart എന്നതാണ് ഇതിൻെറ മുദ്രാവാക്യം.
"ലോകത്തെ ഒന്നാംനമ്പർ കൊലയാളി" എന്നാണ് ഹൃദ്രോഗത്തെ വിശേഷിപ്പിക്കുന്നത്.
ലോകത്ത് ഏറ്റവും കൂടുതൽ ഹൃദ്രോഗികൾ ഉള്ള രാജ്യങ്ങളിൽ ഒന്നാണ് നമ്മുടെ ഇന്ത്യ.രാജ്യത്തെ മൊത്തം കണക്കെടുത്താൽ ഏറ്റവും കൂടുതൽ ഹൃദ്രോഗികൾ നമ്മുടെ കൊച്ചു കേരളത്തിലാണ്.
മറ്റുരാജ്യങ്ങളെ അപേക്ഷിച്ച് ഇന്ത്യക്കാർക്ക് ജനിതകമായി ഹൃദയാഘാതമുണ്ടാകാനുള്ള സാധ്യത മൂന്നിരട്ടിയാണ്.1960 മുതൽ 1995 വരെ നടത്തിയ പഠനങ്ങൾ പ്രകാരം രാജ്യത്ത് ഏറ്റവുംവർദ്ധിച്ച ഹൃദ്രോഗനിരക്കുള്ള ഒരു സംസ്ഥാനമാണ് കേരളം.7.5 മില്യൺ ആളുകളാണ് ഹൃദ്രോഗം മൂലം മരിക്കുന്നത്.2030 ആകുമ്പോഴേക്കും ഇത് 23 മില്ല്യൺ ആയി

ഉയരും എന്ന് കണക്കാക്കുന്നു.കേരളത്തിൽ പ്രതിദിനം 3000 പേരോളം ഹൃദ്രോഗത്തിന് അടിമപ്പെടുന്നുണ്ട്.മുമ്പ് പ്രായം കൂടുതലുള്ളവരിൽ മാത്രം കണ്ടിരുന്ന ഈ രോഗം ഇന്ന് ചെറുപ്പക്കാരിലും കണ്ടുവരുന്നു.ഫാസ്റ്റ് ഫുഡ്,ഫാസ്റ്റ് ലൈഫ് ശീലം എന്നിവയാണ് ഹൃദയത്തിൻെറതാളംതെറ്റിക്കുന്നത.ഹൃദയത്തിലേക്ക് രക്തം എത്തിക്കുന്ന കൊറോണറി ധമനികളിൽ രക്തകട്ടൾ രൂപപ്പെടുന്നത് ഹൃദയാഘാദത്തിന് കാരണമാകുന്നു.ഉയർന്ന രക്തസമ്മർദം,പ്രമേഹം,കൂടിയ കൊളസ്ട്രോൾ,പുകവലി,പാരമ്പര്യം എന്നിവ ഹൃദ്രോഗത്തിന് കാരണമാകുന്നു.നിത്യേനയുള്ള വ്യായാമം,ചിട്ടയായ ഭക്ഷണക്രമം എന്നിവയിലൂടെ ഹൃദയരോഗത്തെ നമ്മുക്ക് സംരക്ഷിക്കാം.

# പുഴയ്ക്കും തീരത്തിനും പുതു തലമുറയുടെ കരുതൽ



നാശത്തിലേക്ക് വഴുതുന്ന പുഴയ്ക്കും പുഴയോരത്തിനും കരുതലും കാവലുമായി

ആറങ്ങാലി മണപ്പുറത്ത്
വിദ്യാർത്ഥികളുടെ കൂട്ടായ്മ.

നാട്ടുകാരുടെ ചെറുത്തുനിൽപ്പിൽ നാശം വരാതെ സംരക്ഷിച്ച ആറങ്ങാലി മണപ്പുറത്താണ് വിദ്യാർത്ഥികൾ പ്രകൃതിയുടെ സംരക്ഷണത്തിനായി ഒത്തുകൂടിയത്. മുളവിത്തും തൈകളും നട്ടാണ് തീരത്തിന് സംരക്ഷണത്തിന്റെ കരുത്ത് പകർന്നത്.

വാളൂർ നായർ സമാജം സ്കൂൾ നേതൃത്വം നൽകിയ ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളും പങ്കുചേർന്നു. പുഴയോര സംരക്ഷണത്തിന്റെ മുന്നൊരുക്കമായി അന്നനാട് മുതൽ

ഇക്കോ ടൂറിസത്തിന് സാദ്ധ്യത പറയുന്ന കല്ലൂർ വരെയുള്ള പുഴയോരമാണ് കുട്ടികൾ സംരക്ഷിക്കുകയാണ്.

അതത് പ്രദേശത്തെ പുഴയോരത്തിന്റെ സംരക്ഷണം സമീപ വിദ്യാലയങ്ങൾ ഏറ്റെടുക്കും. ഇവർക്കുള്ള തൈകൾ സൗജന്യമായി നൽകും. അന്നനാട് ഗ്രാമീണവായനശാലയുമായി സഹകരിച്ചാണ് കൂട്ടായ്മ നടന്നത്.

പത്ത് കിലോമീറ്റർ ദൂരം വരുന്ന പുഴയോരത്താണ് മുളവിത്തോ,തൈകളോ പാകിയിട്ടുള്ളത്.

കാടുകുറ്റി, മേലൂർ പഞ്ചായത്തിലായി

ഏക്കർ കണക്കിന് വരുന്ന മണൽത്തിട്ടയാണ് രാപകലില്ലാതെ മണൽ മാഫിയയിൽ നിന്ന് നാട്ടുകാർ സംരക്ഷിച്ചിരുന്നത്.

പഞ്ചായത്ത് അടക്കമുള്ള അധികൃതരുടെ ശ്രദ്ധയാകർഷിച്ചാണ് പുഴയോരത്ത് കുട്ടികൾ ജൈവ സംരക്ഷണം ഒരുക്കുന്നത്. വിവിധ വിദ്യാലയങ്ങളിൽ നിന്നായി ഇരുന്നൂറോളം വിദ്യാർത്ഥികളെത്തി.

# പ്രേമോപഹാരം



പ്രിയപ്പെട്ടവന്,

ഞാൻ നിന്നെ ഒരുപാട് സ്നേഹിച്ചു.

എന്നാൽ നീ നിന്റെ എല്ലാ തെറ്റുകളും ദേഷ്യവും

എനിക്ക്നേരെ തള്ളി.

എന്നിട്ടും നിന്നോട് ഞാൻ പൊറുത്തു.

അവസാനം സഹിക്കാൻ കഴിയാത്തവിധം

നീ വേദനിപ്പിച്ചപ്പോൾ

ഞാൻ പ്രതികരിച്ചു.

നിനക്ക് അധികം നൊന്തു എന്നെനിയ്ക്കറിയാം.

പക്ഷേ നീ ഉയർത്തെഴുന്നേറ്റില്ലേ ?

ഈ വേദനയിലും നിനക്ക് ഒരുപിടി

നന്മകൾ സമ്മാനിക്കുന്നു.

ഇനി ഒരിക്കലും അത് നശിപ്പിക്കില്ല എന്ന

വിശ്വാസത്തോടെ........

-പുഴ

# സീസൺ വാച്ച്



നാഷണൽ സെന്റർ ഫോർ ബയോളജിക്കൽ സയൻസും(N.C.B.S) വിപ്രോയുടെ എഡ്യൂക്കേഷണൽ ഇനിഷ്യേറ്റീവ് വിംഗ് ആയ വിപ്രോ അപ്ലയിംഗ് തോട്ട് ഇൻ സ്കൂളും ചേർന്ന് മാതൃഭൂമി സീഡ് പദ്ധതിയുടെ ഭാഗമായി

നടത്തുന്ന ഒരു പ്രോജക്റ്റ് ആണ് സീസൺ വാച്ച് തിരഞ്ഞെടുത്ത പ്രത്യേക ഇനത്തിൽ വൃക്ഷങ്ങൾ പൂക്കുന്നതിലും കായ്ക്കുന്നത്തിലും തളിരിടുന്നതിലുമുള്ള മാറ്റക്രമവിവരങ്ങൾ കുട്ടികൾ ശേഖരിക്കുന്ന ഒരു ദേശീയ തല പദ്ധതിയാണ് ഇത്. N.S.H.S വാളൂരിൽ കഴിഞ്ഞ പത്തുവർഷമായി വളരെ ഭംഗിയായി സീസൺ വാച്ച് കോ-ഓർഡിനേറ്റർ ആയ P.B ജയശ്രീ ടീച്ചറുടെ നേതൃത്വതിൽ കുട്ടികൾ വൃക്ഷ നിരീക്ഷണം നടത്തി. ടീച്ചർ ഡാറ്റ സീസൺ വാച്ച് വെബ് സൈറ്റിലേക്ക് അപ് ലോട് ചെയ്യുന്നു.ഈ ഡാറ്റകൾ ദേശീയ തലത്തിൽ താരതമ്യം ചെയ്യപ്പെടുന്നു. വിദ്യാലയത്തിലെ മികച്ച സീസൺ വാച്ച് പ്രകടനത്തിന് രണ്ടു പ്രാവിശ്യം ജില്ലാതലത്തിൽ അവാർഡ് ലഭിക്കുകയുണ്ടായി.

# ശുചീകരണ ബോട്ട്

ജലം ജീവന്റെ നിലനിൽപ്പിന് അത്യാവശ്യ
മായ ഒന്നാണ്.എന്നാൽ ഇന്ന് നാം
വ്യവസായശാലകളിൽനിന്നും വീടുകളിൽനിന്നും
മാലിന്യങ്ങൾ ജലാശയങ്ങളിലേക്ക്
തള്ളി അവയെ
മലിനമാക്കിക്കൊണ്ടിരിക്കുകയാണ്.
ഈ ശുചീകരണ ബോട്ട് ഉപയോഗിച്ച്
ജലാശയങ്ങളിലെ പൊന്തിക്കിടക്കുന്ന
മാലിന്യങ്ങളെയും പായലുകളെയും നീക്കം
ചെയ്യാൻ സാധിക്കും.ഇത്
അന്തരീക്ഷമലിനീകരണം ഇല്ലാത്തതും
മൊബൈൽ ഉപയോഗിച്ച്

നിയന്ത്രിക്കാവുന്നതുമായ
ഒന്നാണ്.ചലിക്കുന്നതിനായി ഇവിടെ
എയർപ്രൊപ്പല്ലറുകൾ ഉപയോഗിച്ചിരിക്കുന്നു.
ഇവിടെ മാലിന്യങ്ങൾ ശേഖരിക്കാൻ ഒരു
ബെൽട്ട് കൺവേയർ
ഉപയോഗിച്ചിരിക്കുന്നു.കൺവേയർ
സിസ്ററത്തിൽ റോളറുകളായി
ടോന്നർസിലിണ്ടറുകൾ
ഉപയോഗിച്ചിരിക്കുന്നു.കാറിലെ വിൻഡോ
മോട്ടോർ ഉപയോഗിച്ചാണ് ഇവ കറക്കുന്നത്.
പ്രൊപ്പല്ലറുകളും കൺവേയർ മോട്ടോറും
പ്രവർത്തിപ്പിക്കുവാനുള്ള ഊർജ്ജം നൽകുന്നത്
ബാററിയാണ് (12 വോൾട്ട്).ഇത് ചാർജ്
ചെയ്യുന്നതിനായി ഒരു സോളാർ പാനൽ
ഉപയോഗിച്ചിരിക്കുന്നു.ഇതിനെ നമ്മുക്ക്
വിദൂരതയിൽ ഇരുന്ന് നിയന്ത്രിക്കാൻസാധിക്കും.

നേട്ടങ്ങൾ-

ജല ശുചീകരണം

അന്തരീക്ഷ മലിനീകരണം ഇല്ല

ജലജീവികൾക്ക് ആപത്തുണ്ടാകുന്നില്ല

ഊർജ്ജത്തിന് പണം മുടക്കേണ്ടതില്ല

വിദൂരതയിൽ ഇരുന്ന് നിയന്ത്രിക്കാം.